**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 476** | **23-07-2021 - ൽ മറുപടിയ്ക്ക്**

**ഭാരതപ്പുഴയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭാരതപ്പുഴയുടെ സംരക്ഷണത്തിന് നദീജലസംരക്ഷണ പദ്ധതി പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് ഫ്ലഡ് കൺട്രോൾ/ ഫ്ലഡ് ഡാമേജ് എന്നീ നോൺ പ്ലാൻ ശീർഷകത്തിലും മറ്റു സ്കീമുകളിലും അനുവദിച്ച ഫണ്ടുപയോഗിച്ച് ആവശ്യകതയും അടിയന്തിര സ്വഭാവും കണക്കിലെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം മൂലം ഭാരതപ്പുഴയിലെ വിവിധ നിർമ്മിതികളായ ചെറുതുരുത്തി ചെക്ക് ഡാം, ചെങ്ങണാംകുന്ന് റഗുലേറ്റർ, വെള്ളിയാങ്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ സമീപം അവയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുംവിധം അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്ത് നദിയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് ഭാരതപ്പുഴയിൽ നീരൊഴുക്കിന് തടസ്സമുണ്ടായിരുന്ന തവനൂർ ബ്രഹ്മ ക്ഷേത്രത്തിനും തൃക്കണ്ണാപുരം പമ്പ് ഹൗസിനും ഇടയിലുള്ള പ്രദേശത്തെ ചെളിയും പാഴ് വസ്തുക്കളും നീക്കം ചെയ്തിരുന്നു. കുറ്റിക്കാട് കടവിന് സമീപവും തിരുനാവായ, നിള പാർക്ക്, കുറ്റിപ്പുറം പാഴൂർ ചെമ്പിക്കൽ എന്നീ പ്രദേശങ്ങളിലും ഭാരതപ്പുഴയുടെ മദ്ധ്യഭാഗത്തായി പുഴയുടെ ഒഴുക്കിന് തടസ്സമാക്കുന്ന നിലയിൽ മണൽത്തിട്ട രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |
| (ബി) | കാലവർഷം ശക്തിപ്പെടുന്നവേളയിൽ ഭാരതപ്പുഴ കരകവിഞ്ഞൊഴുകി വെള്ളപ്പൊക്കം ഉണ്ടാകുന്നത് തടയുവാനായി പുഴയിൽ അടിഞ്ഞുകൂടിയ മണലും മണൽത്തിട്ടകളും നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് ഫ്ലഡ് കൺട്രോൾ/ ഫ്ലഡ് ഡാമേജ് എന്നീ നോൺ പ്ലാൻ ശീർഷകത്തിലും മറ്റു സ്കീമുകളിലും അനുവദിച്ച ഫണ്ടുപയോഗിച്ച് ആവശ്യകതയും അടിയന്തിര സ്വഭാവും കണക്കിലെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം മൂലം ഭാരതപ്പുഴയിലെ വിവിധ നിർമ്മിതികളായ ചെറുതുരുത്തി ചെക്ക് ഡാം, ചെങ്ങണാംകുന്ന് |

| | | | |
|---|---|---|---|
| | | | റഗുലേറ്റർ, വെള്ളിയാങ്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ സമീപം അവയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുംവിധം അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്ത് നദിയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് ഭാരതപ്പുഴയിൽ നീരൊഴുക്കിന് തടസ്സമുണ്ടായിരുന്ന തവനൂർ ബ്രഹ്മ ക്ഷേത്രത്തിനും തൃക്കണ്ണാപുരം പമ്പ് ഹൗസിനും ഇടയിലുള്ള പ്രദേശത്തെ ചെളിയും പാഴ് വസ്തുക്കളും നീക്കം ചെയ്തിരുന്നു. കുറ്റിക്കാട് കടവിന് സമീപവും തിരുനാവായ, നിള പാർക്ക്, കുറ്റിപ്പുറം പാഴൂർ ചെമ്പിക്കൽ എന്നീ പ്രദേശങ്ങളിലും ഭാരതപ്പുഴയുടെ മദ്ധ്യഭാഗത്തായി പുഴയുടെ ഒഴുക്കിന് തടസ്സമാക്കുന്ന നിലയിൽ മണൽത്തിട്ട രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ